"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് - മെഡിക്കൽ വിദ്യാഭ്യാസം - ഭരണാനുമതി നൽകിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ പരിപാലന പ്രവൃത്തികൾ - പൂർത്തിയാക്കുന്നതിനുള്ള കാലാവധി നീട്ടി നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.961/2025/H&FWD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.760/2023/ആ.കു.വ. തീയതി 30.03.2023
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26.01.2025 തീയതിയിലെ എ3/2193/2022/മെ.വി.വ. നമ്പർ കത്ത്
3. പരിപത്രം നം.70/2024/ധന തീയതി 10.12.2024

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ പരിപാലന പ്രവൃത്തികൾ ചെയ്യുന്നതിനായി അസറ്റ് മെയിന്റനൻസ് ഫണ്ട്-ന് കീഴിൽ 256.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി 31.03.2024 ആയിരുന്നു. എന്നാൽ ഉത്തരവിലെ പ്രവൃത്തികൾ ക്രമീകരിക്കുമ്പോൾ കരാറുകാർക്ക് തുക കൈമാറേണ്ടത് എഗ്രിമെന്റ് അതോറിറ്റി എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പാണെന്നും, തുക സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിൽ കരാറുകാർ നിയമ നടപടി സ്വീകരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുമെന്നും, ആയതിനാൽ ഡെപ്പോസിറ്റ് ലഭിക്കാത്ത പ്രവൃത്തികളിൽ ദർഘാസുകൾ ക്ഷണിക്കുവാൻ സാധിക്കുകയില്ലായെന്നും, പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാർ പ്രത്യേകമായി ഉത്തരവ് നൽകാത്തപക്ഷം ഡെപ്പാസിറ്റ് വർക്കുകൾ ചെയ്യുന്നത് പോലെ ആവശ്യമായ തുക നിക്ഷേപിച്ചതിനുശേഷം മാത്രമേ നിർദ്ദിഷ്ട പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്ന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) അറിയിച്ചതായും, ഇതേ തുടർന്ന് പ്രവൃത്തികൾ തുടങ്ങുന്നതിനു കാലതാമസമുണ്ടായതായി പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. പരാർശം 3-ലെ പരിപത്രം പ്രകാരം അസ്റ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളെ ഡെപ്പോസിറ്റ് വർക്ക് എന്ന വിഭാഗത്തിൽ നിന്നും ബിൽ ഓഫ് കോസ്റ്റ് രീതിയിലേക്ക് മാറ്റിയിരുന്നു. ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിൽ അവ്യക്തത നിലനിന്നതിനാൽ ഭരണാനുമതി ഉത്തരവിലെ പ്രവൃത്തികൾ 31.03.2024-ന് മുമ്പായി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഉത്തരവിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകണമെന്ന്മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി നൽകിയ പ്രവൃത്തികൾ നിശ്ചിത കാലാവധിയായ 31.03.2024-നു മുൻപായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പരാമർശം 1 പ്രകാരം **ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 30.09.2025 വരെ നീട്ടി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

3. മേൽ ഭേദഗതിയോടെ പരാമർശം 1-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡോ.എസ്. ശങ്കർ, പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.2758711/എച്ച്.എൽ.റ്റി.-എ2/17/2023-ധന-പാർട്ട് 1 തീയതി 29.03.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/205/2022-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Gayathri G
Date: 29-03-2025 19:13:48